**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2068** **12-02-2024 - ൽ മറുപടിയ്ക്ക്**

**കേരളീയം 2023ലെ സെമിനാറുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി കെ പ്രശാന്ത് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കേരളീയം 2023-മായി ബന്ധപ്പെട്ട് വിവിധ വിഷയങ്ങളെ അധികരിച്ച് എത്ര സെമിനാറുകളാണ് സംഘടിപ്പിച്ചിരുന്നത്; | (എ) | 25 സെമിനാറുകൾ സംഘടിപ്പിച്ചു. |
| (ബി) | ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി വിവിധ സെമിനാറുകളിൽ എത്തിച്ചേർന്ന വിദഗ്ധരുടെ സാന്നിധ്യം ഓരോ സെമിനാറിനേയും സമ്പന്നമാക്കിയിട്ടുണ്ടെന്ന വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; | (ബി) | ഉണ്ട്. കേരളത്തിന്റെ വിവിധ മേഖലകളിലെ പുരോഗതി ലോകത്തിനു മുന്നിൽ അവതരിപ്പിക്കുന്നതിനൊപ്പം ഭാവി നയരൂപീകരണത്തിന് സഹായകമായ രീതിയിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള വിദഗ്ദർ കേരളീയത്തിന്റെ ഭാഗമായി. |
| (സി) | സെമിനാറുകളിലേയ്ക്ക് എത്ര പ്രതിനിധികളെയാണ് പ്രതീക്ഷിച്ചിരുന്നതെന്നും അതിൽ എത്ര പേർ പങ്കെടുത്തുവെന്നും വ്യക്തമാക്കുമോ? | (സി) | ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള വിദഗ്ദർ സെമിനാറുകളിൽ പങ്കെടുത്തു. 220 പ്രഭാഷകർ വിഷയാവതരണം നടത്തി. ഇതിൽ 181 പേർ നേരിട്ടും 22 പേർ ഓൺലൈനായും 17 പേർ പ്രീ റെക്കോർഡഡ് ആയും പങ്കെടുത്തു. എല്ലാ സെമിനാറുകളിലുമായി 30839 പേർ പങ്കെടുത്തു. |

സെക്ഷൻ ഓഫീസർ